**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശസ്വയംഭരണ വകുപ്പ്-ബി.പി.എൽ. സർവ്വേ-2009-പരാതികളും അപേക്ഷകളും സമർപ്പിക്കുന്നതിനുള്ള സമയക്രമം പുനർനിശ്ചയിച്ച് ഉത്തരവാകുന്നു.**

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

**തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**സ.ഉ.( സാ)നം.835/2011/തസ്വഭവ** **തിരുവനന്തപുരം, തീയതി, 21/03/2011**

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

**പരാമർശം:-1. സ.ഉ.(കൈ)നമ്പർ.16/11/തസ്വഭവ: തീയതി, 14-01-2011.**
**2. സർക്കുലർ നമ്പർ.7916/ഡി.ഡി.3/11/തസ്വഭവ: തീയതി, 24-02-2011.**

**ഉത്തരവ്**

ദാരിദ്ര്യ രേഖാ ലിസ്റ്റിൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള കുടുംബങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ച അവസരത്തിൽ ലഭിച്ച അപേക്ഷകളും/ആക്ഷേപങ്ങളും/പരാതികളും ദരിദ്ര കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കുമ്പോൾ ഇനി ലഭിക്കുന്ന അപേക്ഷകളും ആക്ഷേപങ്ങളും/പരാതികളും അദ്ധ്യാപകരുടെ സേവനം ഉപയോഗിച്ച് പരിശോധിക്കുന്നതിന് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുകയുണ്ടായി.

പ്രസിദ്ധീകരിച്ച ദാരിദ്ര്യരേഖാ ലിസ്റ്റിൻമേൽ അപേക്ഷകളും/ആക്ഷേപങ്ങളും/പരാതികളും സമർപ്പിക്കുന്നതിനും ആയത് പരിശോധിക്കുന്നതിനുമുള്ള സമയക്രമം നിശ്ചയിച്ചുകൊണ്ടും പരാമർശം (2) പ്രകാരം നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി. ഇതു പ്രകാരം പ്രസിദ്ധീകരിച്ച ദരിദ്ര കുടുംബങ്ങളുടെ പട്ടകയിൻമേലുള്ള അപേക്ഷകളും/ആക്ഷേപങ്ങളും/പരാതികളും ഗ്രാമപഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾക്ക് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2011 മാർച്ച് 15 ആയിരുന്നു. വാർഡ്തലത്തിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന നടപടി ഇനിയും പല തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും പൂർത്തിയായിട്ടില്ലെന്ന് മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ ലിസ്റ്റ് പരിശോധിച്ച് അപേക്ഷകളും/ആക്ഷേപങ്ങളും/പരാതികളും സമർപ്പിക്കുന്നതിന് മതിയായ സമയം അനുവദിക്കേണ്ടതുണ്ടെന്നു കാണുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ച ദരിദ്ര കുടുംബങ്ങളുടെ പട്ടികയിൻമേലുള്ള അപേക്ഷകളും, ആക്ഷേപങ്ങളും, പരാതികളും ഗ്രാമപഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾക്ക് സമർപ്പിക്കുന്നതിനുള്ള സമയം 30-04-2011 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു. പരാമർശം (2)-ലെ മറ്റു സമയക്രമങ്ങൾക്ക് മാറ്റമില്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എം.ഉണ്ണികൃഷ്ണൻ,
അഡീഷണൽ സെക്രട്ടറി.

1. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
2. എല്ലാ നഗരസഭ അദ്ധ്യക്ഷൻമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന).
3. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
   (ഗ്രാമവികസന കമ്മീഷണർ മുഖേന)
4. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
   (പഞ്ചായത്ത് ഡയറക്ടർ മുഖേന).
5. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
6. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
7. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
8. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
9. എല്ലാ ജില്ലാ കളക്ടർമാർക്കും.
10. എല്ലാ ജില്ലാ പ്ളാനിംഗ് ഓഫീസർമാർക്കും.
11. എല്ലാ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
12. എല്ലാ ജില്ലാ കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർമാർക്കും(കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന)
13. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
14. ഡയറക്ടർ, പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.
15. ഡയറക്ടർ, സി-ഡിറ്റ്, ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം, തിരുവനന്തപുരം.
16. ഡയറക്ടർ, ഐ.കെ.എം.,(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
17. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:-1. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്.
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.